# Desabhimani
# 27 July 2018
# Thiruvananthapuram, After Flood, Relief

## മഴക്കെടുതി: പണം അനുവദിച്ചതിൽ വിവേചനമെന്നത് അടിസ്ഥാനരഹിതം

മഴക്കെടുതി നേരിടാൻ വിവിധ ജില്ലകൾക്ക് പണം അനുവദിച്ചതിൽ വിവേചനമുണ്ടെന്നും ചില ജില്ലകൾക്ക് അനർഹമായി കൂടുതൽ പണം നൽകിയെന്നും ആരോപിച്ച് സാമൂഹ്യമാധ്യമങ്ങളിൽ നടക്കുന്ന പ്രചാരണത്തിന് അടിസ്ഥാനമില്ലെന്ന് മുഖ്യമന്ത്രിയുടെ ഓഫീസ് വാർത്താക്കുറി

**തിരുവനന്തപുരം**

പ്പിൽ അറിയിച്ചു.

ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ പരത്താനും ചേരിതിരിവുണ്ടാക്കാനും ലക്ഷ്യമിട്ട് നടത്തുന്ന ദുഷ്പ്രചാരണമാണിത്. 2018 ജൂണിലും ജൂലൈയിലും ദുരിതാശ്വാസത്തിന് ഓരോ ജില്ലയ്ക്കും അനുവദിച്ച തുക പട്ടികയിൽ കാണും പ്രകാരം ആകെ : 63.05 കോടിയാണ്.

ഇതിന് പുറമെ 25ന് ചേർന്ന സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം ആലപ്പുഴ ജില്ലയ്ക്ക് 2.44 കോടി രൂപ അടിയന്തര സഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 1.69 കോടി രൂപ ബണ്ടുകൾ പുനർനിർമിക്കാനും വെള്ളക്കെട്ട് ഒഴിവാക്കാനുമാണ്.

കോട്ടയം ജില്ലയ്ക്ക് 50 ലക്ഷം രൂപ അനുവദിച്ചു. കോട്ടയം, ആലപ്പുഴ ജില്ലകളിലൂടെ കടന്നുപോകുന്ന എസി റോഡ് അറ്റകുറ്റപ്പണി ചെയ്യാൻ 35 ലക്ഷംരൂപയും ദുരന്തനിവാരണ അതോറിറ്റി അനുവദിച്ചു.

| ജില്ല | തുക (കോടിയിൽ) | ജില്ല | തുക |
|---|---|---|---|
| തിരുവനന്തപുരം | 00.51 | തൃശൂർ | 1.42 |
| കൊല്ലം | 1.16 | പാലക്കാട് | 7.61 |
| പത്തനംതിട്ട | 0.52 | മലപ്പുറം | 8.91 |
| ആലപ്പുഴ | 19.92 | കോഴിക്കോട് | 1.84 |
| കോട്ടയം | 07.21 | വയനാട് | 1.82 |
| ഇടുക്കി | 1.96 | കണ്ണൂർ | 3.81 |
| എറണാകുളം | 4.37 | കാസർകോട് | 2.06 |